# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3616** **20/06/2019-ൽ മറുപടിയ്ക്ക്**

## നിപ ഇറാഡിക്കേഷൻ പദ്ധതി

**ചോദ്യം**

**ശ്രീ.കെ.വി.വിജയദാസ്**

**മറുപടി**

**കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

**എ)** സംസ്ഥാനത്ത് സമ്പൂർണ്ണ നിപ ഇറാഡിക്കേഷൻ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇത്തരം നടപടികളുടെ സാദ്ധ്യത പരിശോധിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ;

**എ)** നിപ രോഗബാധ സമ്പൂർണ്ണമായി ഇറാഡിക്കേഷൻ ചെയ്യാൻ സാധ്യമല്ല. കാരണം ഇതിന്റെ റിസർവോയർ (രോഗവാഹകർ) വവ്വാൽ, പന്നി മുതലായ പക്ഷി മൃഗാദികളായതിനാൽ നിർമ്മാർജ്ജനം സാധ്യമല്ല. എന്നാൽ രോഗം വരാതിരിക്കുവാനുള്ള മുൻകരുതലുകളും, വന്നു കഴിഞ്ഞാൽ വളരെ വേഗം നിയന്ത്രണവിധേയമാക്കുവാനുമുള്ള പ്രവർത്തനങ്ങളും ആരോഗ്യവകുപ്പ്, ഇതര വകുപ്പുകളുടെ (മൃഗസംരക്ഷണം, വനം വന്യജീവി) സഹകരണത്തോടെ ഊർജ്ജിതമായി നടപ്പിലാക്കി വരുന്നു. അതിന്റെ ഫലമായാണ് 2019-ൽ എറണാകുളം ജില്ലയിലുണ്ടായ നിപാ ബാധ മറ്റുള്ളവരിലേയ്ക്ക് പകരാതെ നിയന്ത്രണ വിധേയമാക്കുവാൻ സാധിച്ചത്.

**ബി)** നിപ വൈറസ് പ്രതിരോധം സംബന്ധിച്ച് തുടർച്ചയായി സ്വീകരിക്കേണ്ട നടപടികൾ അറിയിക്കുമോ;

**സി)** നിലവിൽ ഇക്കാര്യത്തിൽ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണ്;

**ബി) യും സി) യും** നിപ വൈറസ് പ്രതിരോധം സംബന്ധിച്ച് തുടർച്ചയായി സ്വീകരിക്കേണ്ട നടപടികൾ താഴെപ്പറയുന്നവയാണ്;

- രോഗം നേരത്തെ കണ്ടെത്തുവാനുള്ള നടപടികൾ, രോഗ-സ്ഥിരീകരണത്തിനാവശ്യമായ (വൈറോളജി ടെസ്റ്റുകൾക്ക്) ലാബ് സംവിധാനങ്ങൾ എന്നിവ മെച്ചപ്പെടുത്തുക
- വൈറസ് വാഹകരായ ജീവികളെ കണ്ടുപിടിക്കുന്നതിന് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- പൊതുജനങ്ങൾക്കിടയിൽ ഉചിതമായ

ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുക.

- ആശുപത്രികളിൽ കൂടിയുള്ള അണുബാധ നിയന്ത്രിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.
- ദീർഘകാലാടിസ്ഥാനത്തിലുള്ള ഗവേഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

പ്രസ്തുത പ്രവർത്തനങ്ങൾ ഘട്ടം ഘട്ടമായി നടപ്പിലാക്കി വരുന്നു.

ഡി) നിപ വൈറസ് പ്രതിരോധം സംബന്ധിച്ചുള്ള അനുഭവപാഠങ്ങളിൽ നിന്നും വരും നാളുകളിൽ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിയ്ക്കുവാൻ ഉദ്ദേശിയ്ക്കുന്നത്; വിശദവിവരം നൽകുമോ?

ഡി) ആശുപത്രികളിൽ നിന്നും ഉള്ള രോഗബാധ തടയുവാനുള്ള പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ടുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഡിസംബർ മുതൽ ജൂൺ മാസം വരെയുള്ള വവ്വാലുകളുടെ പ്രജനന കാലഘട്ടത്തിലാണ് നിപ വൈറസ് വ്യാപനം നടക്കുന്നതെന്ന നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ നവംബർ-ഡിസംബർ മാസത്തിൽ തന്നെ ജില്ലകൾക്ക് ജാഗ്രതാ നിർദ്ദേശം നൽകുകയും, ആവശ്യമായ ബോധവത്കരണ പ്രവർത്തനങ്ങൾ മുൻകൂട്ടി നടപ്പിലാക്കുകയും ചെയ്യുന്നു. ആവശ്യമായ മരുന്നുകളുടെയും വ്യക്തിഗത സുരക്ഷാ സാമഗ്രികളുടെയും ലഭ്യത ഉറപ്പാക്കുന്നു. ഡോക്ടർമാർ, പാരാമെഡിക്കൽ, ഫീൽഡുവിഭാഗം, ഉൾപ്പെടെ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനവും നൽകുന്നു. പൊതുജനങ്ങൾക്ക് ആവശ്യമായ ബോധവത്കരണം വിവിധ ദൃശ്യ ശ്രവ്യ മാധ്യമങ്ങൾ വഴി നൽകുന്നു. ഇതര വകുപ്പുകളുടെ ഏകോപിപ്പിച്ചുള്ള പ്രവർത്തനങ്ങളും തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്നു.

സെക്ഷൻ ഓഫീസർ